# ആലുവ ഉപജില്ല കേരള സ്കൂൾ കലോത്സവം 2015 – 16

## NOV 21, 23, 24, 25 - Govt. Girls H. S. S. ALUVA

## പൊതുനിർദ്ദേശങ്ങൾ

1. എല്ലാ സ്കൂളുകളും മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ വിശദവിവരങ്ങൾ ഓൺലൈൻ സോഫ്റ്റ് വെയറിൽ (http:/www.schoolkalolsavam.in/kalolsavam 2015) 10-11-2015 ചൊവ്വാഴ്ച്ച 5 മണിക്കുമുമ്പായി എന്റർ ചെയ്യേണ്ടതാണ്. ഡാറ്റ എൻട്രി പൂർത്തിയാക്കിയ ശേഷം ലഭിക്കുന്ന റിപ്പോർട്ടിന്റെ Print ആണ് A E O ഓഫീസിൽ സമർപ്പിക്കേണ്ടത്.
2. Print ഓഫീസിൽ സ്വീകരിക്കുന്നത് 11-11-2015 ന് 5 മണിവരെയായിരിക്കും Data Entry കൺഫോം ചെയ്തശേഷമായിരിക്കണം റിപ്പോർട്ടിന്റെ പ്രിന്റ് എടുക്കേണ്ടത്.
3. ഓൺലൈൻ വെബ്സൈറ്റിൽ പ്രവേശിക്കാൻ സ്കൂൾ **സമ്പൂർണയുടെ** User Name, Password എന്നിവയാണ് ഉപയോഗിക്കേണ്ടത്.
4. രജിസ്ട്രേഷൻ 19-11-2015 ഉച്ചക്ക് 1 മണി മുതൽ 4 മണിവരെ മാത്രം Govt HAC LPS Aluva വെച്ച് നടക്കുന്നതാണ്.
5. ഒരു വിദ്യാലയത്തിൽ LP UP HS HSS എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ ഉണ്ടെങ്കിൽ കൂടിയും സ്കൂൾ **സമ്പൂർണയുടെ** User Name, Password എന്നിവ മാത്രമാണ് ഉപയോഗിക്കേണ്ടത്. എല്ലാ വിഭാഗത്തിന്റേയും ഡാറ്റാ എൻട്രി കഴിഞ്ഞതിനുശേഷമേ Confirm ചെയ്യാവൂ.
6. ഒരു വിദ്യാർത്ഥി ഒന്നിൽ കൂടുതൽ വിഭാഗങ്ങളിൽ (ജനറൽ, സംസ്കൃതം, അറബി) മത്സരിക്കുന്നുണ്ടെങ്കിൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരം എല്ലാ ഐറ്റം കോഡുകളും തുടർച്ചയായി ടൈപ്പ് ചെയ്യുക.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 25251 | Aparna M M | 8 | G | 601 | 620 | 656 | 802 | 813 |
| | | | | | 619 | | | | |

7. ഒരു സ്കൂളിൽ നിന്നും ഒരിനത്തിൽ ഒരു എൻട്രി മാത്രമേ അനുവദിക്കുകയുള്ളൂ.
8. കുട്ടികളുടെ ഫോട്ടോ ഓൺ ലൈനായി ചേർക്കണമെന്നില്ല. എന്നാൽ പങ്കെടുക്കുന്നവരുടെ ഫോട്ടോ ചേർക്കണമെന്നുണ്ടെങ്കിൽ അവ മുൻകൂട്ടി കമ്പ്യൂട്ടറിൽ സേവ് ചെയ്ത് വെച്ചിരിക്കണം. സർട്ടിഫിക്കറ്റിൽ ഫോട്ടോ പ്രിന്റ് ചെയ്ത് വരുന്നതിനാൽ ഗുണമേന്മയുള്ള ഫോട്ടോകൾ അപ്ലോഡ് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുക. 30 KB യിൽ കുറവ് ഫയൽ സൈസ് ഉള്ള ഇമേജുകൾ മാത്രമേ അപ് ലോഡ് ചെയ്യാൻ കഴിയൂ.
9. ഒരു സ്കൂൾ ഒരിക്കൽ നൽകിയ എൻട്രികൾ കൺഫോം ചെയ്തു കഴിഞ്ഞാൽ പിന്നീട് തിരുത്തലുകളോ കൂട്ടിചേർക്കലുകളോ അനുവദിക്കുന്നതല്ല.
10. ഒരു കുട്ടിക്ക് ഒരു കാറ്റഗറിയിൽ 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പിനങ്ങളിലും മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ. അറബി/ സംസ്കൃതം സാഹിത്യോൽസവത്തിൽ പങ്കെടുക്കുന്ന ഒരു കുട്ടിക്ക് ജനറൽ കാറ്റഗറിയിലും പങ്കെടുക്കാവുന്നതാണ്.
11. നിലവിലുള്ള സ്കൂൾ കലോത്സവ മാനുവലിലും, തത്സംബന്ധമായി പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലും അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ഇനങ്ങളിൽ ഒരു കുട്ടിയോ സ്കൂളോ പങ്കെടുക്കാൻ പാടുള്ളതല്ല.

12. മത്സരം നടക്കുമ്പോൾ ഫോട്ടോ എടുക്കാൻ അനുവദിക്കുന്നതല്ല. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ യാതൊരു കാരണവശാലും മാറ്റാനോ പകരം ആളെ നിയോഗിക്കാനോ അനുവദിക്കുന്നതല്ല.
13. രചനാ മത്സരങ്ങൾ 21-11-2015 ശനിയാഴ്ച്ച രാവിലെ 9 മണി മുതൽ St Marys HS Aluva, SNDP HSS Aluva എന്നീ വിദ്യാലയങ്ങളിൽ വച്ച് നടത്തുന്നതാണ്.
14. പരിപാടികളിലെ മത്സരക്രമം ആവശ്യമെന്നു കണ്ടാൽ മാറ്റത്തിനു വിധേയമാണ്.
15. സംഘ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികളുടേയും പേരുകൾ ഓൺലൈനായി എന്റർ ചെയ്തിരിക്കണം.
16. മത്സരത്തിൽ 70% മോ അതിലധികമോ മാർക്ക് ലഭിച്ചാൽ 5 പോയിന്റ് (A Grade) ലഭിക്കും. 60% മുതൽ 69% വരെ മാർക്ക് ലഭിച്ചാൽ 3 പോയിന്റ് (B Grade) ലഭിക്കും. 50% മുതൽ 59% വരെ മാർക്ക് ലഭിച്ചാൽ 1 പോയിന്റ് (C Grade) ലഭിക്കും. 50% ത്തിനു താഴെ മാർക്ക് ലഭിച്ചാൽ ഗ്രേഡ് ചെയ്യുന്നതല്ല. പിന്നണിയിൽ മത്സരിക്കുന്ന കുട്ടികൾക്കും അർഹതയുണ്ടെങ്കിൽ ഗ്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.
17. കേരള സ്കൂൾ കലോത്സവ മാനുവലിലെ നിബന്ധനകൾ സംസ്കൃതോത്സവത്തിനും അറബി സാഹിത്യോത്സവത്തിനും ബാധകമാണ്. സംസ്കൃതം ഒന്നാം ഭാഷ പഠിക്കുന്ന കുട്ടികൾക്കു മാത്രമേ സംസ്കൃതോത്സവത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. അറബി ഭാഷ പഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ നിന്നുള്ളവരാകണം അറബി സാഹിത്യോത്സവത്തിൽ പങ്കെടുക്കേണ്ടത്.
18. മത്സര ഫലം പ്രഖ്യാപിക്കുന്നത് വിധി നിർണ്ണയത്തിന് നിയോഗിക്കപ്പെട്ടവർ തന്നെയായിരിക്കും.
19. വിധി നിർണ്ണയത്തിൽ പരാതികൾ ഉണ്ടെങ്കിൽ മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 1000 രൂപ ഫീസ് സഹിതം നിർദ്ദിഷ്ട ഫോറത്തിലുള്ള പരാതി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ ജനറൽ കൺവീനർക്കോ സമർപ്പിക്കേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവനായും തിരിച്ച് നൽകുന്നതാണ്. അപ്പീൽ തീർപ്പ് അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് നൽകേണ്ടതാണ്.
20. A ഗ്രേഡ് ലഭിച്ച് ടോപ്പ് സ്കോർ നേടിയ ഒരു വ്യക്തിഗത ഇനം / ഗ്രൂപ്പ് മാത്രമേ മേൽ തല മത്സരത്തിന് അയക്കൂ.
21. കലോത്സവ നടത്തിപ്പ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ മാനുവൽ നോക്കി ഉറപ്പു വരുത്തേണ്ടതാണ്.


**രാജു. പി. പി.**
കൺവീനർ (പ്രോഗ്രാം)
8281224618, 9747487072

**സി. എസ്. ദിലീപ് കുമാർ**
ജോ: കൺവീനർ (പ്രോഗ്രാം)
9995552829